# പാലകന്റെ പാഥേയം

## വിശുദ്ധ യൗസേപ്പിനോടുള്ള പ്രാർത്ഥനയും പ്രതിഷ്ഠയും

ഫാ. റോയ് പാലാട്ടി സി.എം.ഐ

**സോഫിയാ ബുക്സ്**
പെരുവണ്ണാമൂഴി, കോഴിക്കോട്, കേരള, 673528, ഫോൺ: 0496 2961333, 9995574308
www.sophiabuy.com

**PALAKANTE PATHEYAM**
(Prayer)
Author : Fr. Roy Palatty CMI
Imprimatur: Mar Jacob Angadiyath
(Bishop, St. Thomas Syro Malabar Diocese, Chicago)
First Edition: February 2021
Publishing & Distribution: **Sophia Books**
Peruvannamoozhi, Kozhikode
Kerala - 673528

Printed at: Geethanjali, Calicut
Cover Design & Layout: Abraham Thomas
Price: ₹80
Out of India: $3, £2
ISBN: 978-93-88620-47-5

No part of this book may be reproduced or utilized in any form or by any means, electronic or mechanical including photocopying, recording or by any information storage and retrieval system, without permission in writing from the Publishers.

© Sophia Printers & Publishers (P) Ltd.

SB- 292 | IE 2000 | February 2021

## ഉള്ളടക്കം

ഭാഗം 1

**ഒരുക്കപ്രാർത്ഥനകളുടെ ക്രമം**


വിശ്വാസപ്രമാണം 11

വിശുദ്ധ യൗസേപ്പിനോടുള്ള പ്രാർത്ഥന 11

ദൈവിക പുണ്യങ്ങൾക്കായുള്ള പ്രാർത്ഥന 11

വിശുദ്ധ യൗസേപ്പിന്റെ ലുത്തിനിയ 12


ഭാഗം 2

**ഓരോ ദിവസത്തെയും ഒരുക്ക ധ്യാനവായന**


**ദിവസം 1:** സ്വർഗപിതാവിന്റെ നിഴലായ യൗസേപ്പ് 17

**ദിവസം 2:** വിശുദ്ധരുടെ മാതൃകയായ യൗസേപ്പ് 18

**ദിവസം 3:** അനുസരണത്തിന്റെ മാതൃകയായ യൗസേപ്പ് 20

**ദിവസം 4:** ഒന്നാം വ്യാകുലം: മറിയത്തെ വേർപിരിയാനുള്ള തീരുമാനം 22

**ദിവസം 5:** രണ്ടാം വ്യാകുലം: ദാരിദ്ര്യത്തിന്റെ പുൽക്കൂട് ഒരുക്കേണ്ടിവന്ന യൗസേപ്പ് 24

**ദിവസം 6:** മൂന്നാം വ്യാകുലം: ദിവ്യപൈതലിനെ പരിഛേദനത്തിനു സമർപ്പിക്കുന്ന യൗസേപ്പ് 26

**ദിവസം 7:** നാലാം വ്യാകുലം: ശിമയോന്റെ പ്രവചനം 28

**ദിവസം 8:** അഞ്ചാം വ്യാകുലം: ഈജിപ്തിലേക്കുള്ള പലായനം 30

**ദിവസം 9:** ആറാം വ്യാകുലം: ഈജിപ്തിൽനിന്നുള്ള മടക്കയാത്ര 32

**ദിവസം 10:** ഏഴാം വ്യകുലം: യേശുവിനെ കാണാതാകുന്നു 34

**ദിവസം 11:** കൃപാവരങ്ങളാൽ നിറയപ്പെട്ട യൗസേപ്പ് 36

**ദിവസം 12:** മാതൃഭക്തരെ സഹായിക്കുന്ന യൗസേപ്പ് 38

**ദിവസം 13:** തിരുക്കുടുംബത്തിന്റെ പാലകനായ യൗസേപ്പ് 40

**ദിവസം 14:** തിരുസഭയുടെ സംരക്ഷകനായ യൗസേപ്പ് 42

**ദിവസം 15:** ദാവീദിന്റെ വിശിഷ്ടസന്താനമായ യൗസേപ്പ് 44

**ദിവസം 16:** പൂർവ്വപിതാക്കന്മാരുടെ വെളിച്ചമായ യൗസേപ്പ് 46

**ദിവസം 17:** എല്ലാം സ്വീകരിക്കാൻ പഠിപ്പിക്കുന്ന യൗസേപ്പ് 48

**ദിവസം 18:** ദരിദ്രനായ യൗസേപ്പ് 50
**ദിവസം 19:** നിതാന്ത ജാഗ്രതയുള്ള യൗസേപ്പ് 52
**ദിവസം 20:** ജീവന്റെ കാവലാളായ യൗസേപ്പ് 54
**ദിവസം 21:** പ്രത്യാശയുടെ പിതാവായ യൗസേപ്പ് 56
**ദിവസം 22:** അത്യന്തം നിർമലനായ യൗസേപ്പ് 58
**ദിവസം 23:** കന്യാമറിയത്തിന്റെ വിശുദ്ധഭർത്താവായ യൗസേപ്പ് 60
**ദിവസം 24:** മരിക്കുന്നവരുടെ ശരണമായ യൗസേപ്പ് 62
**ദിവസം 25:** ധീരനായ യൗസേപ്പ് 64
**ദിവസം 26:** തിരുക്കുടുംബത്തിന്റെ തലവനായ യൗസേപ്പ് 66
**ദിവസം 27:** കന്യാവ്രതക്കാരുടെ കാവൽക്കാരനായ യൗസേപ്പ് 68
**ദിവസം 28:** ഏറ്റം നീതിമാനായ യൗസേപ്പ് 70
**ദിവസം 29:** തൊഴിലാളികളുടെ മാതൃകയായ യൗസേപ്പ് 72
**ദിവസം 30:** പിശാചുക്കളുടെ പേടിസ്വപ്നമായ യൗസേപ്പ് 74
**ദിവസം 31:** രക്ഷകന്റെ പാലകനായ യൗസേപ്പ് 76
**ദിവസം 32:** കുടിയേറ്റക്കാരുടെ ആശ്വാസമായ യൗസേപ്പ് 78
**ദിവസം 33:** സമർപ്പണത്തിന്റെ ദിവസം 80

ഭാഗം 3

**അനുബന്ധം**

വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം
ദണ്ഡവിമോചനത്തിന് 15 മാർഗങ്ങൾ 83
വിശുദ്ധ യൗസേപ്പിനോടുള്ള ജപം 84
വി. യൗസേപ്പിനോടുള്ള പ്രാർത്ഥന 85
വി. യൗസേപ്പിനോടുള്ള അപേക്ഷ 85
വിശുദ്ധ യൗസേപ്പിതാവിന്റെ പ്രാർത്ഥന 86

# ആമുഖം

## യൗസേപ്പിന്റെ അടുത്തേക്കു പോകാം

വിശുദ്ധർക്കൊപ്പമുള്ള യാത്ര നമ്മെയും വിശുദ്ധരാക്കും. നൂറ്റാണ്ടുകളായി പൂർവികരുടെ പ്രാർത്ഥനയുടെയും അനുധ്യാനത്തിന്റെയും ഭാഗമായിരുന്നു രക്ഷകന്റെ പാലകനായ വിശുദ്ധ യൗസേപ്പ്. എന്നാൽ, കഴിഞ്ഞ ഏതാണ്ട് നൂറ്റിയമ്പതു വർഷത്തോളമായി ഈ പുണ്യതാതനെക്കുറിച്ചുള്ള പഠനങ്ങളും പ്രാർത്ഥനകളും ചർച്ചകളും വ്യാപകമാകാൻ തുടങ്ങിയിട്ട്. വളർത്തുന്നവൻ എന്നും വർദ്ധിപ്പിക്കുന്നവൻ എന്നും യൗസേപ്പ് എന്ന നാമത്തിന് അർത്ഥമുണ്ട്. നമ്മെ ആത്മീയ പാതയിൽ വളർത്താനും നമ്മിലെ ദൈവിക സുകൃതങ്ങൾ വർദ്ധിപ്പിക്കാനും യൗസേപ്പിനോളം പരിശുദ്ധമായ കരങ്ങൾ മറ്റൊന്ന് ഉണ്ടോ?

1870ൽ ആണ് വാഴ്ത്തപ്പെട്ട ഒൻപതാം പീയൂസ് പാപ്പ 'സാർവത്രികസഭയുടെ മധ്യസ്ഥനാ'യി വിശുദ്ധ യൗസേപ്പിനെ പ്രഖ്യാപിച്ചത്. 1955ൽ ധന്യനായ പന്ത്രണ്ടാം പീയൂസ് പാപ്പ 'തൊഴിലാളികളുടെ മധ്യസ്ഥൻ' എന്നു വിളിച്ചു. പരമ്പരാഗതമായി 'നൽമരണത്തിന്റെ മധ്യസ്ഥൻ' എന്നും വിശുദ്ധ യൗസേപ്പ് അറിയപ്പെട്ടിരുന്നു.

1889ലാണ് വിശുദ്ധ യൗസേപ്പിനെക്കുറിച്ചുള്ള ഏക ചാക്രികലേഖനം (Quamquam pluries) പുറത്തിറക്കുന്നത്. നൂറു വർഷങ്ങൾക്കു ശേഷം വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ 'രക്ഷകന്റെ പാലകൻ' എന്ന പേരിൽ ഒരു അപ്പസ്തോലിക പ്രബോധനം പുറത്തിറക്കി. സാർവത്രികസഭയുടെ മധ്യസ്ഥനായി പ്രഖ്യാപിച്ചതിന്റെ നൂറ്റിയമ്പതാം വാർഷികമായ 2020ൽ ഫ്രാൻസിസ് മാർപാപ്പ 'പിതാവിന്റെ ഹൃദയത്തോടെ' എന്ന അപ്പസ്തോലിക പ്രബോധനം നമുക്കു സമ്മാനിച്ചു. സഭാചരിത്രത്തിൽ ആദ്യമായി ഒരാണ്ട് മുഴുവൻ (2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ) വിശുദ്ധ യൗസേപ്പിന് സമർപ്പിക്കാൻ പാപ്പ നിർദേശം നൽകി.

പരിശുദ്ധ യൗസേപ്പിലൂടെ ഈശോയ്ക്കുള്ള സമ്പൂർണ സമർപ്പണമാണ് നാമിവിടെ നടത്തുന്നത്. മൂന്നു കാര്യങ്ങൾ അറിയേണ്ടതുണ്ടല്ലോ: എന്താണ് സമർപ്പണം? എന്തിനുവേണ്ടിയാണ്? എങ്ങനെയാണ്?

## എന്താണ് സമർപ്പണം?

വിശുദ്ധ യൗസേപ്പിനെ നമ്മുടെ ആത്മീയപിതാവും പാലകനുമായി ഏറ്റുപറയുന്ന ഒരു പ്രാർത്ഥനയാണിത്. ഈശോയെ ചേർത്തുപിടിച്ച ആ പിതൃകരങ്ങളിൽ സൗമ്യമായി സ്പർശിച്ച് നാം യാത്രയാകുന്നു. യൗസേപ്പ്

തന്നിലേക്ക് ആരെയും അടുപ്പിക്കാനല്ല ശ്രമിക്കുന്നത്. സ്വർഗപിതാവിന്റെ വഴികളിൽ നമ്മെ നടത്താനും നിത്യതയ്ക്കായി നമ്മെ ഒരുക്കാനും സഹായിക്കുന്നു. ദൈവത്തെ നാം അബ്ബായെന്നു വിളിക്കുമ്പോൾ മറിയം നമ്മുടെ അമ്മയും യൗസേപ്പ് നമ്മുടെ അപ്പനും ഈശോ നമ്മുടെ സഹോദരനും ആവുകയല്ലേ. മറിയം ആത്മീയമാതാവും യൗസേപ്പ് ആത്മീയ പിതാവുമാകും. നാമെല്ലാം സഹോദരങ്ങളും. ദൈവഭവനത്തിലെ അംഗങ്ങളല്ലേ നമ്മൾ. സുകൃതങ്ങളാൽ അലങ്കരിക്കപ്പെട്ട ഒരു പിതാവിന്റെ കരം നമുക്കാവശ്യമുണ്ട്. അതുകൊണ്ട്, നമുക്ക് യൗസേപ്പിന്റെ അടുത്തേക്കു പോകാം.

**എന്തിനുവേണ്ടിയാണ്?**

കുടുംബത്തിനും സഭയ്ക്കുമെതിരെ യുള്ള യുദ്ധങ്ങൾ എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ട്. എന്നാൽ, ഇന്നത് അതിന്റെ ഏറ്റവും ഉച്ചിയിലാണ്. ഫാത്തിമയിൽ മാതാവ് നൽകിയ സന്ദേശങ്ങളിൽ മുഖ്യമായത് കുടുംബത്തെ സംബന്ധിച്ചതായിരുന്നു. ദൈവദാസിയായ സിസ്റ്റർ ലൂസിയ എഴുതി: "ദൈവവും നാരകീയശക്തികളും തമ്മിലുള്ള അവസാന യുദ്ധം വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ചതായിരിക്കും." തിരുക്കുടുംബത്തിന്റെ പാലകനായ യൗസേപ്പിനോട് കുടുംബങ്ങളെയും ദാമ്പത്യബന്ധങ്ങളെയും പരിശുദ്ധമായി കാത്തുകൊള്ളണമേയെന്ന് നാം പ്രാർത്ഥിക്കുന്നു. ഗാർഹികസഭയുടെ തകർച്ച തിരുസഭയുടെയും തകർച്ചയാണല്ലോ. ക്രിസ്തീയമൂല്യങ്ങൾക്കും തിരുസഭയ്ക്കുമെതിരെയുള്ള പ്രവർത്തനങ്ങൾ സഭയ്ക്കകത്തും പുറത്തും വ്യാപകമാകുന്ന നമ്മുടെ കാലത്ത് തിരുസഭയുടെ സംരക്ഷകനായ യൗസേപ്പിനെ സഹായത്തിനായി വിളിക്കണം. ഗാർഹികസഭയെയും തിരുസഭയെയും ധീരനായ യൗസേപ്പിന്റെ പിതൃകരങ്ങളിൽ ഏൽപ്പിക്കുകയാണ് ഈ സമർപ്പണത്തിൽ.

**എങ്ങനെയാണ്?**

യൗസേപ്പിനോടുള്ള പ്രതിഷ്ഠ പലവിധത്തിൽ നാം നടത്താറുണ്ട്. 'ഈശോയേ, പരിശുദ്ധ യൗസേപ്പിലൂടെ ഞാൻ എന്നെ പൂർണമായി അങ്ങേയ്ക്കു സമർപ്പിക്കുന്നു' എന്ന സുകൃതജപം പലയാവർത്തി ഉരുവിട്ടുകൊണ്ട് നമുക്കു നമ്മെത്തന്നെ സമർപ്പിക്കാനാകും. മാസവണക്കത്തിലൂടെ നാം ഇതു ചെയ്യാറുണ്ട്. എന്നാൽ, ഈ മുപ്പത്തിമൂന്നു ദിവസത്തെ ഒരുക്കത്തിലൂടെ നടത്തുന്ന സമർപ്പണം വിശുദ്ധ യൗസേപ്പിന്റെ പുണ്യങ്ങളെയും ജീവിതത്തെയും ആഴമായി ധ്യാനിച്ചുകൊണ്ടാണ്. നല്ലൊരു അപ്പനും അമ്മയുമാകാൻ, മകനും മകളു

മാകാൻ, വിശ്വാസിയാകാൻ ഈ ആത്മീയ യാത്ര നമ്മെ സഹായിക്കും. വിശുദ്ധ ലൂയി ഡി മോൺഫോർട്ട് പരിശുദ്ധ മാതാവിലൂടെ ഈശോയ്ക്കു നടത്തിയ സമർപ്പണത്തിൽനിന്നും പ്രചോദനം സ്വീകരിച്ചാണ് ഇതും ഒരുക്കിയിരിക്കുന്നത്. മുപ്പത്തിമൂന്നാം ദിവസം നാം സമർപ്പണം നടത്തുന്നു. വ്യക്തിപരമായ പ്രാർത്ഥന, കുടുംബ പ്രാർത്ഥന, കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കുക, പരസ്നേഹപ്രവൃത്തികളിൽ ഏർപ്പെടുക. ഇവയെല്ലാം ഈ പ്രതിഷ്ഠയുടെ ഫലപ്രാപ്തിയെ ആഴപ്പെടുത്തും എന്നോർക്കുക.

എന്നുവേണമെങ്കിലും ഈ സമർപ്പണത്തിന്റെ ഒരുക്കം ആരംഭിക്കാമെങ്കിലും സഭയിലെ ചില പ്രധാന തിരുനാളുകളോടനുബന്ധിച്ച് ഇതു ചെയ്യുമ്പോൾ കുറെക്കൂടി മനോഹരമാകും. ഇതിനു സഹായിക്കുന്ന ഒരു ചാർട്ട് താഴെ കൊടുത്തിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

നമ്മുടെ ആത്മീയ യാത്രയിലെ പാഥേയം അഥവാ വഴിച്ചോറാണ് യൗസേപ്പിതാവിന്റെ ജീവിതവും സുകൃതങ്ങളും. ജീവിതവഴികളിൽ യൗസേപ്പിതാവിനെ കൂട്ടുപിടിക്കാം. രക്ഷകനെ ഊട്ടുകയും ഉറക്കുകയും ചെയ്തവൻ നമ്മെയും പരിപാലിക്കും.

കടപ്പാട്: വിശുദ്ധ യൗസേപ്പിനെക്കുറിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള, മുൻപു സൂചിപ്പിച്ച സഭാപ്രബോധനങ്ങൾക്കു പുറമെ, ഏതാനും ഗ്രന്ഥങ്ങൾ കൂടി ഈ രചനയിൽ സഹായിച്ചിട്ടുണ്ട്: Blessed Sister Maria of Agreda's The Mysical City of God (1978), Maria Cecilia Baij's The Life of St. Joseph (1997), Pope Benedict XVI's Jesus of Nazareth (Vol. 3, 2012), Michel Gasnier's Joseph the Silent (2017), Donald H. Calloway's Consecration to St. Joseph (2020).

ഈ ചെറുഗ്രന്ഥം വളരെ വേഗത്തിൽ അണിയിച്ചൊരുക്കാൻ സഹായിച്ച എല്ലാവരേയും പ്രത്യേകിച്ച് ശാലോം കുടുംബത്തിലെ ആൽവിൻ ജോസഫ്, അരുൺ ആന്റണി, ജിന്റോ പൊട്ടയ്ക്കൽ എന്നിവരെയും പ്രത്യേകം ഓർക്കുന്നു.

ഫാ. റോയ് പാലാട്ടി സി.എം.ഐ.
03 ജനുവരി, 2021
*(തിരുക്കുടുംബത്തിന്റെ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ)*

| സമർപ്പണം നടത്താവുന്ന ദിവസങ്ങൾ | | |
|---|---|---|
| **തിരുനാൾ** | **സമർപ്പണദിനം** | **ഒരുക്കപ്രാർത്ഥന തുടങ്ങുന്ന തിയതി** |
| ശുദ്ധീകരണ തിരുനാൾ (കർത്താവിന്റെ ദേവാലയപ്രവേശം) | ഫെബ്രുവരി 2 | ജനുവരി 1 |
| വി. യൗസേപ്പിന്റെ തിരുനാൾ | മാർച്ച് 19 | ഫെബ്രുവരി 15* |
| തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പ് | മെയ് 1 | മാർച്ച് 30 |
| ഫാത്തിമ മാതാവിന്റെ തിരുനാൾ | മെയ് 13 | ഏപ്രിൽ 11 |
| നോക്കിലെ മാതാവിന്റെ തിരുനാൾ | ഓഗസ്റ്റ് 21 | ജൂലൈ 20 |
| സകല വിശുദ്ധരുടെയും തിരുനാൾ | നവംബർ 1 | സെപ്റ്റംബർ 30 |

* ഫെബ്രുവരി മാസം 29 ദിവസങ്ങളുണ്ടെങ്കിൽ, ഫെബ്രുവരി 16ന് ഒരുക്കപ്രാർത്ഥന ആരംഭിക്കുന്നു.

(പന്തക്കുസ്താ തിരുനാളിന് ഒരുക്കമായും (33 ദിവസം മുമ്പ്) ഈ സമർപ്പണം നടത്താവുന്നതാണ്)

# ഒരുക്കപ്രാർത്ഥനകളുടെ ക്രമം

## 1. ഓരോ ദിവസത്തെയും ഒരുക്ക ധ്യാനവായന (പേജ് 17 മുതൽ)

## 2. വിശ്വാസപ്രമാണം

സർവശക്തനായ പിതാവും, ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും, ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി, കന്യകാമറിയത്തിൽനിന്ന് പിറന്ന്, പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾസഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച്, അടക്കപ്പെട്ട്, പാതാളങ്ങളിൽ ഇറങ്ങി. മരിച്ചവരുടെ ഇടയിൽനിന്നും മൂന്നാംനാൾ ഉയിർത്തു, സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി, സർവശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. അവിടുന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കുവാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമേൻ.

## 3. വിശുദ്ധ യൗസേപ്പിനോടുള്ള പ്രാർത്ഥന

പരിശുദ്ധ കന്യാമറിയത്തിന്റെ ഏറ്റവും പരിശുദ്ധ ഭർത്താവായ യൗസേപ്പിതാവേ, അങ്ങേ സഹായംതേടി, അങ്ങേ മാദ്ധ്യസ്ഥം അപേക്ഷിച്ചവരിൽ ഒരാളെപ്പോലും ഉപേക്ഷിച്ചതായി കേൾക്കപ്പെട്ടിട്ടില്ല എന്ന് നീ ഓർക്കണമേ. അങ്ങയുടെ ശക്തിയിൽ പൂർണമായി ശരണപ്പെട്ടുകൊണ്ട്, ഞാൻ അങ്ങേ സന്നിധിയിൽ ഓടിയണഞ്ഞ്, അങ്ങേ സംരക്ഷണം യാചിക്കുന്നു. ഓ, രക്ഷകന്റെ വളർത്തുപിതാവേ, എന്റെ എളിയ അപേക്ഷ ഉപേക്ഷിക്കാതെ അങ്ങയുടെ മധ്യസ്ഥശക്തിയിൽ ദയാപൂർവം കേട്ട് ഉത്തരമരുളണമേ, ആമേൻ.

## 4. ദൈവിക പുണ്യങ്ങൾക്കായുള്ള പ്രാർത്ഥന

ഈശോ, മറിയം, യൗസേപ്പേ, എന്റെ ആത്മാവും ഹൃദയവും നിങ്ങൾക്കു ഞാൻ സമർപ്പിക്കുന്നു (3 പ്രാവശ്യം).

(i). മഹത്വവാനായ മാർ യൗസേപ്പേ, വിശ്വാസം എന്ന പുണ്യം

എന്റെ ആത്മാവിൽ ജനിക്കുവാനും വളരുവാനും വർദ്ധിക്കുവാനും ഫലം ചെയ്യുവാനും എന്നെ സഹായിക്കണമേ.

*1 സ്വർഗ്ഗ. 1 ത്രിത്വ.*

*പരിശുദ്ധ റൂഹായേ, എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ! ദൈവിക കാര്യങ്ങൾ കാണാൻ എന്റെ കണ്ണുകൾ തുറക്കണമേ.*

പരിശുദ്ധ റൂഹായേ, എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളിവരണമേ! ദൈവിക കാര്യങ്ങൾ ഗ്രഹിക്കാൻ എന്റെ മനസ്സിനു ശക്തിതരണമേ. അങ്ങനെ ഞാൻ ദൈവമഹത്വം അന്വേഷിക്കട്ടെ! എന്റെ ചിന്തകളും വാക്കുകളും പ്രവർത്തികളും വിശുദ്ധീകരിക്കപ്പെട്ട് ഞാൻ ദൈവത്തിന്റെ സ്വന്തമാകട്ടെ.

(ii). മഹത്വവാനായ മാർ യൗസേപ്പേ, ദൈവശരണം എന്ന പുണ്യം എന്റെ ആത്മാവിൽ ജനിക്കുവാനും വളരുവാനും വർദ്ധിക്കുവാനും ഫലം ചെയ്യുവാനും എന്നെ സഹായിക്കണമേ.

*1 സ്വർഗ്ഗ. 1 ത്രിത്വ. പരിശുദ്ധ റൂഹായേ...*

(iii). മഹത്വവാനായ മാർ യൗസേപ്പേ, ദൈവസ്നേഹം എന്ന പുണ്യം എന്റെ ആത്മാവിൽ ജനിക്കുവാനും വളരുവാനും വർദ്ധിക്കുവാനും ഫലം ചെയ്യുവാനും എന്നെ സഹായിക്കണമേ.

*1 സ്വർഗ്ഗ. 1 ത്രിത്വ. പരിശുദ്ധ റൂഹായേ...*

## 5. വിശുദ്ധ യൗസേപ്പിന്റെ ലുത്തിനിയ

കർത്താവേ, അനുഗ്രഹിക്കണമേ
മിശിഹായേ, അനുഗ്രഹിക്കണമേ
കർത്താവേ, അനുഗ്രഹിക്കണമേ
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ,
സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ,
*ഞങ്ങളെ അനുഗ്രഹിക്കണമേ*
ലോകരക്ഷകനായ പുത്രനായ ദൈവമേ,
*ഞങ്ങളെ അനുഗ്രഹിക്കണമേ*
പരിശുദ്ധാത്മാവായ ദൈവമേ,
*ഞങ്ങളെ അനുഗ്രഹിക്കണമേ*
ഏകദൈവമായ പരിശുദ്ധ ത്രിത്വമേ,
*ഞങ്ങളെ അനുഗ്രഹിക്കണമേ*

പരിശുദ്ധ മറിയമേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
വി. യൗസേപ്പേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
ദാവീദിന്റെ വിശിഷ്ട സന്താനമേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
പൂർവ്വപിതാക്കൻമാരുടെ വെളിച്ചമേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
ദൈവമാതാവിന്റെ വിരക്തഭർത്താവേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
പരിശുദ്ധ കന്യകയുടെ നിർമ്മലനായ കാവൽക്കാരനേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
ദൈവപുത്രന്റെ പാലകനേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
ക്രിസ്തുവിന്റെ സംരക്ഷകനേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
തിരുക്കുടുംബത്തിന്റെ നാഥനേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
എത്രയും നീതിമാനായ വി. യൗസേപ്പേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
അത്യന്തം നിർമ്മലനായ വി. യൗസേപ്പേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
ഏറ്റവും ജാഗ്രതയുള്ള വി. യൗസേപ്പേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
എത്രയും ശക്തനായ വി. യൗസേപ്പേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
അങ്ങേയറ്റം അനുസരണശീലമുള്ള വി. യൗസേപ്പേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
എത്രയും വിശ്വസ്തനായ വി. യൗസേപ്പേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
ക്ഷമയുടെ ദർപ്പണമേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
ദാരിദ്ര്യത്തിന്റെ സ്നേഹിതനേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
തൊഴിലാളികളുടെ മാതൃകയേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*

കുടുംബങ്ങളുടെ പിതാമഹനേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
കന്യകകളുടെ സംരക്ഷകനേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
കുടുംബങ്ങളുടെ ശക്തിയേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
വേദനിക്കുന്നവരുടെ ആശ്വാസമേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
രോഗികളുടെ പ്രത്യാശയേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
പിശാചുക്കളുടെ പേടിസ്വപ്നമേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
തിരുസഭയുടെ സംരക്ഷകനേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*
മരിക്കുന്നവരുടെ ശരണമേ,
*ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ*

ഭൂലോകപാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ,
*കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ*
ഭൂലോകപാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ,
*കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ*
ഭൂലോകപാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടേ,
*കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ*

**നമുക്കു പ്രാർത്ഥിക്കാം**

കർത്താവായ ഈശോയേ, അങ്ങയുടെ ഏറ്റം പരിശുദ്ധയായ മാതാവിന്റെ വിരക്ത ഭർത്താവായ വിശുദ്ധ യൗസേപ്പിന്റെ യോഗ്യതകളാൽ ഞങ്ങൾക്ക് സ്വയം പ്രാപിക്കാൻ കഴിയാത്ത കൃപകൾ അങ്ങേയറ്റം അനുഗ്രഹിക്കപ്പെട്ട ഈ പുണ്യപിതാവിന്റെ മാദ്ധ്യസ്ഥ്യത്തിലൂടെ പ്രാപിക്കുവാൻ ഞങ്ങൾക്ക് ഇടയാക്കണമേ എന്ന് താഴ്മയോടെ ഞങ്ങൾ യാചിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും. ആമേൻ.



# ഒന്നാം ദിവസം

## സ്വർഗപിതാവിന്റെ നിഴലായ യൗസേപ്പ്

**ദൈവവചനം:** "നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച്, പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണു നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണു നാം ആബാ- പിതാവേ- എന്നു വിളിക്കുന്നത്" (റോമാ. 8:15).

**ധ്യാനം:** സ്വപുത്രനെ ഭൂമിയിലേക്ക് അയച്ചപ്പോൾ ഒരു പിതാവിന്റെ സംരക്ഷണം ചേർത്തുവയ്ക്കാനും സ്നേഹനിധിയായ ആ സ്വർഗപിതാവ് മറന്നില്ല. മറിയത്തിന്റെ കരംപിടിച്ച് ഈശോ സഞ്ചരിച്ചതുപോലെ ഭൗമികജീവിതത്തിന്റെ ആരംഭത്തിൽ ജോസഫിന്റെ കരംപിടിച്ചും അവൻ നടക്കണമെന്ന് പിതാവ് നിശ്ചയിച്ചു. മറിയത്തെ ഈശോയുടെ അമ്മയായി നൽകിയതുപോലെ ജോസഫിനെ അപ്പനായി നൽകിയ നല്ല ദൈവം.

ഈശോ ഈയപ്പനെ നന്നായി സ്നേഹിച്ചു, കാര്യമായി അനുസരിച്ചു, ശ്രേഷ്ഠമായി അനുകരിച്ചു. ജോസഫിന്റെ മകൻ എന്നറിയപ്പെടുന്നതിൽ ഈശോയ്ക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. തന്നെ മനോഹരമായി വളർത്തിയ അപ്പനെ നമുക്കു തരാനും ഈശോയ്ക്ക് ഇഷ്ടമാണ്.

അധികാരത്തോടും സ്നേഹത്തോടും വിശ്വസ്തതയോടും കൂടെ തന്റെ ദൗത്യം നിർവഹിച്ച വിശുദ്ധ യൗസേപ്പിനെ അപ്പായെന്നു വിളിക്കുന്നതിൽ ദൈവപുത്രനായ ഈശോയ്ക്ക് വലിയ സന്തോഷമായിരുന്നു. എത്രയോ പ്രാവശ്യം, എന്തെല്ലാം ആവശ്യങ്ങൾക്കായി അപ്പായെന്നു വിളിച്ച് ഈശോ ജോസഫിനെ സമീപിച്ചിരിക്കും. ആ കൈകളിൽ എത്രയോ പ്രാവശ്യം അഭയം കണ്ടിരിക്കും. പൈതലായ യേശുവിന്റെ നാവിൽ സ്വർഗത്തിലെ അബ്ബായുടെ നാമരൂപം പകർന്നു നൽകാനും ആ കൈകളിൽ പിതൃകരത്തിന്റെ ഊഷ്മളത കോരിയിടാനും ജോസഫിനു കഴിഞ്ഞിരുന്നു. ഭൗമിക പിതാവായ ജോസഫ് സ്വർഗപിതാവിന്റെ സ്നേഹത്തിലും കരുണയിലും മകനെ വളർത്തി വലുതാക്കി.

ശരിയാണ്, ദൈവമെന്ന നിലയിൽ അവിടുത്തേക്ക് ഇങ്ങനെയൊരു അപ്പന്റെ ആവശ്യമില്ല. എന്നാൽ, മനുഷ്യപ്രകൃതം സ്വീകരിച്ച ദൈവകുമാരന് ഒരാത്മീയ പിതാവ് ആവശ്യമാണ്; ജ്ഞാനത്തിലും പ്രായത്തിലും മനുഷ്യനെന്ന നിലയിൽ വളരാൻ സഹായിക്കുന്ന സ്വർഗപിതാവിന്റെ നിഴലായ ഒരു പിതാവ്. അതാണ് ജോസഫ്. ജന്മം നൽകി മാത്രമല്ലല്ലോ ഒരാൾ അപ്പനാകുന്നത്, കർമ്മം ചെയ്തുകൊണ്ടുമല്ലേ. അവതരിച്ച വചനത്തെ വളർത്തുവാൻ ജോസഫിനെ തിരഞ്ഞെടുത്ത

ദൈവം എത്രയോ മഹോന്നതൻ. പിതാക്കന്മാർ ജനിക്കുകയല്ല, സൃഷ്ടിക്കപ്പെടുകയാണ്. ഒരു കുഞ്ഞിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോഴെല്ലാം ഒരു വിധത്തിൽ അയാൾ പിതാവായി മാറുകയാണ്.

നമ്മിൽനിന്നും യേശുവിനെപ്പോലുള്ള മക്കൾ പുറത്തുവരാൻ യൗസേപ്പിനെപ്പോലുള്ള ഒരപ്പൻ നമുക്കുവേണം.

യഥാസമയം നസ്രത്തിൽ പിതാവിനെ സഹായിച്ചും സ്നേഹിച്ചും വളർന്ന മകനായിരുന്നു ഈശോ. ഈ അപ്പനിൽ യഥാർത്ഥപിതാവിന്റെ സ്നേഹം ദർശിച്ച ഈശോ നമ്മെയും വിശുദ്ധ ജോസഫിന്റെ പിതൃസ്നേഹത്തിന് ഭരമേൽപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈശോയെ വളർത്തിയിടത്തോളം വിശുദ്ധമായൊരു പിതൃകരം ഈ ഭൂമിയിൽ ഉണ്ടാകില്ലല്ലോ. ഈശോയെ വളർത്താൻ ഭാഗ്യം സിദ്ധിച്ച വിശുദ്ധ യൗസേപ്പേ, നീയെത്രയോ ഭാഗ്യവാൻ. നിന്നിലെ പിതൃസ്നേഹം എന്നിലെ വൈകല്യങ്ങളെ തുടച്ചുമാറ്റട്ടെ.

പ്രാർത്ഥന: പിതാക്കന്മാരുടെ മുഴുവൻ മാതൃകയായ ജോസഫിൽ ഈശോയെ ഭരമേൽപ്പിച്ച സ്വർഗപിതാവേ, ഭൗമിക യാത്രയിൽ എന്റെ ആത്മീയപിതാവായി വിശുദ്ധ ജോസഫിനെ നിയോഗിക്കണമേ, ആമേൻ

(അനുദിന പ്രാർത്ഥനകൾ ചൊല്ലുക, പേജ് 11 - 14)



# രണ്ടാം ദിവസം

## വിശുദ്ധരുടെ മാതൃകയായ യൗസേപ്പ്

ദൈവവചനം: "ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ഞാൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" (1 പത്രോ. 1:16).

ധ്യാനം: നാം എന്തിനെ അധികമായി സ്നേഹിക്കുന്നുവോ അതിലേക്കു വളരാൻ ശ്രമിക്കുക സ്വാഭാവികമാണല്ലോ. വിശുദ്ധരുമായുള്ള ബന്ധം നമ്മെയും വിശുദ്ധരാക്കും. വിശുദ്ധരുടെ കൂട്ടായ്മ എന്നത് നമ്മുടെ നാളെകളെ കുറേക്കൂടി പരിശുദ്ധമാക്കുവാൻ തീർച്ചയായും സഹായിക്കും.

ആത്മീയജീവിതത്തിൽ വളരാൻ കൊതിക്കുന്ന ഒരാത്മാവിനെ ഈശോ ഭരമേല്പിക്കുന്നത് ജോസഫിലാണ്. തന്നെ ജ്ഞാനത്തിലും പ്രായത്തിലും വളരാൻ സഹായിച്ച ആ കരങ്ങളോളം ശക്തവും മനോഹരവുമായ കരം മറ്റൊന്നില്ല എന്ന് ഈശോയ്ക്ക് അറിയാമല്ലോ. വിശുദ്ധർക്കല്ലേ വിശുദ്ധരെ വാർത്തെടുക്കാൻ കഴിയൂ. ജോസഫ് എന്നാൽ വളർത്തുന്നവൻ എന്നല്ലേ അർത്ഥം. അവൻ നമ്മെ ആത്മീയ യാത്രയിൽ സുരക്ഷിതമായി വളർത്തും.

വിശുദ്ധരാകാനുള്ള ആഗ്രഹം ആർക്കാണ് ഇല്ലാത്തത്. എന്നാൽ, അതിനു നൽകേണ്ട വില വലുതാണെന്നറിയുമ്പോൾ പതുക്കെപ്പതുക്കെ വഴിമാറി സഞ്ചരിക്കാൻ തുടങ്ങുന്നു. എന്നിട്ടും, വിശുദ്ധിയോടുള്ള ആഗ്രഹം വിട്ടുകളയാനുമാകുന്നില്ല. കാരണം, സൃഷ്ടിയിലേ ദൈവം സ്രഷ്ടാവിന്റെ പരിശുദ്ധിയിലേക്കു വളരാനുള്ള ആഗ്രഹം നമ്മിൽ നിക്ഷേപിച്ചിട്ടുണ്ട്. നമ്മുടെ ക്ലേശങ്ങൾ കൃത്യമായി അറിയാവുന്ന ദൈവം, തന്റെ പ്രിയമുള്ളവർക്ക് രണ്ടുപേരെ നൽകി: മറിയത്തെയും ജോസഫിനെയും. ഇവരുടെ കരങ്ങൾ പിടിച്ച് ഉണ്ണിയേശു വളർന്നതുപോലെ നമുക്കു വളരണം.

വിശുദ്ധിയെന്നാൽ ദൈവഹിതത്തിനു കീഴ്‌വഴങ്ങുക, എല്ലായിടത്തും എല്ലായ്പ്പോഴും. ദൈവഹിതത്തിനു കീഴ്‌വഴങ്ങാതെ വിശുദ്ധരാകാൻ കഴിയില്ല. വിശുദ്ധ യൗസേപ്പേ, നിന്നെപ്പോലെ ദൈവേഷ്ടത്തെ കണ്ണുംപൂട്ടി വിശ്വസിച്ചവർ ആരുണ്ട്? ഗർഭിണിയായ മറിയത്തെ സ്വീകരിക്കാൻ പറഞ്ഞപ്പോൾ സ്വീകരിച്ചു. ജനിച്ച ശിശുവുമായി ഈജിപ്തിലേക്കു പോകാൻ പറഞ്ഞപ്പോൾ പോയി. പിന്നീട്, യൂദയായിലേക്ക് മടങ്ങാൻ കല്പിച്ചപ്പോൾ അനുസരിച്ചു. നമ്മെ അനുസരണയിലും എളിമയിലും വളർത്താൻ യൗസേപ്പിനെപ്പോലൊരു അപ്പനെ തന്ന ദൈവത്തെ നമുക്ക് വാഴ്ത്താം. ഇത്തരമൊരു അപ്പനിൽനിന്നേ വിശുദ്ധരായ മക്കൾ ജനിക്കൂ.

വിശുദ്ധ യൗസേപ്പിൽ കയ്യാളിക്കുന്ന ഒരാത്മാവിനെ ഈശോയിലേക്ക് വളർത്താൻ അവൻതന്നെ മുൻകൈയെടുക്കും. തന്നിലേക്ക് ആരെയും അവൻ ആകർഷിക്കാറില്ല. മൗനമായി, എല്ലാവരേയും തിരുക്കുമാരനിലേക്ക് നയിക്കും. ഒരാത്മാവ് വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറുന്നതുകണ്ട് മാറിനിന്ന് സന്തോഷിക്കും. സ്വയംദാനം എങ്ങനെ ചെയ്യണമെന്നും ശാന്തമായി ദൈവഹിതം പൂർത്തിയാക്കേണ്ടത് എങ്ങനെയെന്നും ഈ മഹാത്മാവ് നമ്മെ പരിശീലിപ്പിക്കുന്നു.

പഞ്ചേന്ദ്രിയങ്ങളുടെ ചായ്‌വുകളെ യഥാവിധം കൈകാര്യം ചെയ്യാനും നഷ്ടമായ ദൈവസ്നേഹം വീണ്ടെടുക്കാനും ജോസഫിനെ സമീപി

ക്കാം. ദുഷ്ടന്റെ പ്രലോഭനങ്ങളിൽ കാലിടറുമ്പോഴും സ്വന്തം താൽപ്പ ര്യങ്ങളിൽ മനസുടക്കുമ്പോഴും ജോസഫിനെ വിളിക്കാം. ആത്മീയ യാത്രയിൽ ആന്തരികതയുടെ വെളിച്ചം മങ്ങുമ്പോൾ ജോസഫിന്റെ ശോഭ നമുക്കു വഴികാണിച്ചു തരാതിരിക്കില്ല. ഒട്ടേറെ വിശുദ്ധർ അഭയം കണ്ടെത്തിയ ഈ പിതാവിൽ നമുക്കും വിശുദ്ധരാകാൻ കഴിയും. വിശുദ്ധിക്ക് ഖ്യാതി നേടിയ ജോസഫിനെ പരിശുദ്ധ മറിയത്തിനു ഭർത്താവായി നൽകിയ അതേ ദൈവം, വിശുദ്ധിക്കായി ദാഹിക്കുന്ന സകലർക്കും സങ്കേതമായും വഴികാട്ടിയായും മാതൃകയായും ഈ പുണ്യപുരുഷനെ തരുന്നു.

**പ്രാർത്ഥന:** വിശുദ്ധരുടെ മാതൃകയും മധ്യസ്ഥനുമായ വിശുദ്ധ യൗസേപ്പേ, വിശുദ്ധിയുടെ വഴികളിൽ എന്നെയും നയിക്കണമേ, ആമേൻ.

(അനുദിന പ്രാർത്ഥനകൾ ചൊല്ലുക, പേജ് 11 - 14)



# മൂന്നാം ദിവസം

## അനുസരണത്തിന്റെ മാതൃകയായ യൗസേപ്പ്

**ദൈവവചനം:** "ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന്, കർത്താവിന്റെ ദൂതൻ കൽപിച്ചതുപോലെ പ്രവർത്തിച്ചു" (മത്താ. 1:24).

**ധ്യാനം:** വിലയേറിയ ഒരു മൂല്യമാണ് അനുസരണം. സ്വന്തം ഇഷ്ടത്തെ മാറ്റിനിറുത്തി, മറ്റൊരാളുടെ ഇഷ്ടത്തിന് കീഴ്വഴങ്ങാൻ ദൈവകൃപ കൂടിയേ തീരൂ. നാം വിശ്വാസമർപ്പിക്കുന്നവരെ നമുക്ക് അനുസരിക്കാനാകും. യൗസേപ്പ് ദൈവത്തിലർപ്പിച്ച വിശ്വാസം വളരെ ഉന്നതമായിരുന്നു. അതിനാൽ, ചോദ്യം ചെയ്യാതെ ദൈവത്തിന്റെ വാക്കുകളെ അനുസരിക്കാൻ കഴിഞ്ഞു. ജീവിത വഴികളിൽ ഈ മൂല്യം നമുക്കു സ്വീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ, ജീവിതത്തിന്റെ അവസാന സമയത്തും നമുക്കതിന് ആകില്ല.

ദൈവകൽപ്പനകൾ അനുസരിച്ച് ജീവിക്കാൻ പഠിച്ചതിനാൽ, സ്വപ്നങ്ങളിൽ ദൈവം നൽകിയ നിർദേശങ്ങളെ ഗൗരവമായി എടു ക്കാൻ യൗസേപ്പിനു കഴിഞ്ഞു.

ആദിമാതാപിതാക്കൾക്ക് ദൈവം എല്ലാം നൽകിയിരുന്നു, പറുദീ